Kerala Gazette No. 18 dated 1st May 1979.
PART II.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 2892/എൽ. എ. 4 എ/79. തിരുവനന്തപുരം, 1979 മാർച്ച് 17.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1979-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ, ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
സെക്രട്ടറി,
നിയമസഭ.

അഞ്ചാം കേരള നിയമസഭ 109-ാം നമ്പർ ബിൽ

1979-ലെ കേരള സിവിൽകോടതി (ഭേദഗതി) ബിൽ

1957-ലെ കേരള സിവിൽകോടതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—താഴെപ്പറയുന്ന ആവശ്യത്തിലേക്ക് 1957-ലെ കേരള സിവിൽ കോടതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 1979-ലെ കേരള സിവിൽകോടതി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

2. പുതിയ 20സി വകുപ്പ് കൂട്ടിച്ചേർക്കൽ.—1957-ലെ കേരള സിവിൽ കോടതി ആക്റ്റിൽ (1957-ലെ 1) 20 ബി എന്ന വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"20 സി. ചട്ടങ്ങൾ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.—ഈ ആക്റ്റു പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം ആകുന്നത്ര വേഗം സഭയുടെ മുമ്പാകെ, അതു സമ്മേളിച്ചിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ അഥവാ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ അടങ്ങിയിരിക്കാവുന്ന—ആകെ പതിനാലു ദിവസത്തേയ്ക്ക്—വയ്ക്കേണ്ടതും അത് അപ്രകാരം വച്ച സമ്മേളനമോ അഥവാ ഉടൻ തുടർന്നുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ, ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നെങ്കിൽ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ അങ്ങനെയുള്ള ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ പ്രാബല്യമില്ലാ

തിരിക്കുകയോ ചെയ്യുന്നതാണ്; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ അഥവാ പ്രാബല്യമില്ലാതാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്ത ഏതിന്റെഎങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധമായിരിക്കേണ്ടതാണ്.".

ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരള നിയമസഭയുടെ ഉപനിയമ നിർമ്മാണത്തിന്മേലുള്ള കമ്മറ്റി അതിന്റെ ആറാമത്തേയും എട്ടാമത്തേയും റിപ്പോർട്ടുകളിൽ എല്ലാ ആക്റ്റുകളിലും, അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളും വിജ്ഞാപനങ്ങളും നിയമസഭ മുമ്പാകെ വയ്ക്കുന്നതിന്, അങ്ങനെയുള്ള വ്യവസ്ഥ ഇപ്പോൾതന്നെ ഇല്ലാത്ത സംഗതികളിൽ, വ്യവസ്ഥ ചെയ്യുന്നതിന് അനുയോജ്യമായ നടപടി സർക്കാർ കൈക്കൊള്ളേണ്ടതാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി.

1957-ലെ കേരള സിവിൽകോടതി ആക്റ്റിൽ അതിൻകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും വിജ്ഞാപനങ്ങളും നിയമസഭ മുമ്പാകെ വയ്ക്കുന്നതിന് വ്യവസ്ഥയില്ല. ആക്റ്റിൽ സർക്കാരിനും ഹൈക്കോടതിക്കും ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് വ്യവസ്ഥയുണ്ട്. സർക്കാരിനും ഹൈക്കോടതിക്കും വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനും കൂടി ആക്റ്റ് അധികാരപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്തെ സിവിൽ ജില്ലകളായി വിഭജിക്കുന്നതിനും, അങ്ങനെയുള്ള ജില്ലകളുടെ പരിധിയോ എണ്ണമോ വ്യത്യാസപ്പെടുത്തുന്നതിനോ, ഒരു സബോർഡിനേറ്റ് കോടതിയിൽ നിയമിക്കപ്പെടേണ്ട സബോർഡിനേറ്റ് ജഡ്ജിമാരുടെയോ ഒരു മുൻസിഫ് കോടതിയിൽ നിയമിക്കപ്പെടേണ്ട മുൻസിഫ്മാരുടെയോ എണ്ണം നിശ്ചയിക്കുന്നതിനോ ഒരു ജില്ലയിലെ ഒരു നിർദ്ദിഷ്ട പ്രദേശത്ത് ഉത്ഭവിക്കുന്നതും സാധാരണഗതിയിൽ ജില്ലാക്കോടതിയിൽ ആരംഭിക്കാവുന്നതുമായ എല്ലാമോ ഏതെങ്കിലുമോ തരത്തിലുള്ളതോ ആയ നടപടികൾ ജില്ലാ ജഡ്ജി ഇരിക്കുന്നിടമല്ലാതെയുള്ള ഒരു സ്ഥലത്തുള്ള അതേ കോടതിയുടെ ഒരു അഡിഷണൽ ജില്ലാക്കോടതിയിൽ ആരംഭിക്കുന്നതിനോ അഥവാ ഏതെങ്കിലും ജില്ലാ ജഡ്ജിയേയോ, സബോർഡിനേറ്റ് ജഡ്ജിയേയോ മുൻസിഫിനേയോ ഒരു "സ്മാൾക്കോസ്" കോടതിയിലെ ജഡ്ജിയുടെ അധികാരം ഏൽപ്പിച്ചുകൊടുക്കുകയോ ചെയ്യുക എന്നീ ആവശ്യങ്ങൾക്കാണ് ആക്റ്റിൻകീഴിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കേണ്ടിയിരുന്നത്.

ആക്റ്റിൻകീഴിൽ പുറപ്പെടുവിക്കേണ്ടതായ വിജ്ഞാപനങ്ങൾ സാധാരണ സ്വഭാവത്തോടുകൂടിയതാണ്. ആയതിനാൽ ആക്റ്റിൻകീഴിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ നിയമസഭ മുമ്പാകെ വയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ലെന്ന് കരുതുന്നു. അതുകൊണ്ട്, ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ മാത്രം നിയമസഭ മുമ്പാകെ വയ്ക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നു. ഈ ആവശ്യത്തിലേക്ക് ഉദ്ദേശിച്ചുകൊണ്ടുള്ളതാണീ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽകൊണ്ടുവരുകയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നു യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി.

(ശരിത്തർജ്ജമ)

റ്റി. പി. സരോജം,
അണ്ടർ സെക്രട്ടറി (ട്രാൻസ്‌ലേഷൻ).